# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4351 — 04/02/2014 ൽ മറുപടിക്ക്

### സ്കൂളുകളിലെ ഉച്ചക്ഷേണ പരിപാടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>„ ചിറ്റയം ഗോപകുമാർ<br>„ ജി.എസ്. ജയലാൽ<br>„ വി. ശശി | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സർക്കാർ സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടിയിൽ എന്തെല്ലാം വിഭവങ്ങളാണ് നൽകിവരുന്നത്; | എ) | സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളായ മാവേലി സ്റ്റോർ മുഖേന സ്കൂളുകൾക്ക് നൽകുന്ന അരി ഉപയോഗിച്ച് ചോറും, അതോടൊപ്പം കുട്ടികളുടെ ശാരീരിക മാനസിക വളർച്ചക്ക് ആവശ്യമായ എല്ലാ പോഷകങ്ങളും ലഭിക്കത്തക്ക വിധത്തിലുള്ള കറികളും കൂടാതെ മുട്ട, പാൽ എന്നിവയും നൽകിവരുന്നു. |
| ബി) | ഓരോ വിഭവത്തിനും അനുവദിക്കുന്ന നിരക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ; | ബി) | പ്രൈമറി, അപ്പർ പ്രൈമറി വിഭാഗത്തിന് യഥാക്രമം 100,150 ഗ്രാം നിരക്കിൽ ഓരോദിവസം അരിയും പച്ചക്കറി, പലവ്യഞ്ജനം, എണ്ണ, ഉപ്പ്, പയർവർഗ്ഗങ്ങൾ, മുട്ട, പാൽ എന്നിവ വാങ്ങി പാചകം ചെയ്തു നൽകുന്നതിനാവശ്യമായ തുക കുട്ടി ഒന്നിനു ദിവസം 5 രൂപ നിരക്കിൽ നൽകിവരുന്നു. |
| സി) | പൊതുമാർക്കറ്റിലെ വിലക്കയറ്റം വിഭവങ്ങൾ കൃത്യമായി നൽകുന്നതിന് പ്രയാസം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | സി) | ഉണ്ട്. പലവ്യഞ്ജനങ്ങൾ , എണ്ണ, വിറക്, പച്ചക്കറി എന്നിവയുടെ ക്രമാതീതമായ വില വർദ്ധനവുമൂലം സ്കൂൾ ഉച്ചഭക്ഷണത്തിനുള്ള പാചക ചെലവിന് നൽകിവരുന്ന കുട്ടി ഒന്നിന് 5 രൂപയിൽ നിന്നും 7 രൂപയായി വർദ്ധിപ്പിക്കണമെന്നുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശം പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| ഡി) | ഉച്ചഭക്ഷണ പരിപാടിയിൽ സ്കൂളുകൾക്ക് നൽകേണ്ട കുടിശ്ശിക തുക സ്കൂളുകൾക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ? | ഡി) | ഉച്ചഭക്ഷണ പരിപാടിയിൽ സ്കൂളുകൾക്ക് നൽകേണ്ട കുടിശ്ശിക 2013-14 വർഷത്തിൽ പൂർണ്ണമായും നൽകിക്കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ